**പതിനാലാം കേരള നിയമസഭ**

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 197 — 02/03/2020-ൽ മറുപടിയ്ക്ക്

**<u>പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ ഗുണനിലവാരം</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ** | **കെ.കെ.ശൈലജടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശു വികസനവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ലാബുകളുടെയും മറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും ഗുണനിലവാരം പരിശോധിക്കുന്നതിന് ഏതെങ്കിലും സംവിധാനം നിലവിലുണ്ടോ, വിശദമാക്കുമോ; | (എ) | ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2018 പ്രകാരം 01.01.2019 മുതൽ കേരളത്തിലെ സ്വകാര്യ ലാബുകൾ ഉൾപ്പെടെ ഉള്ള എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളുടെയും ഓൺലൈൻ താത്ക്കാലിക രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. താത്ക്കാലിക രജിസ്ട്രേഷൻ സമയത്ത് ഓരോ ക്ലിനിക്കൽ സ്ഥാപനവും അതാതു സ്ഥാപനങ്ങളെ സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ അപ് ലോഡ് ചെയ്യേണ്ടതാണ്. ഇതിൽ സ്ഥാപനത്തിൽ ലഭ്യമായ സേവനങ്ങളും അവയുടെ നിരക്കുകളും സ്റ്റാഫുകളുടെപേരും, യോഗ്യതയും ഉപകരണങ്ങളുടെ വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. താൽക്കാലിക രജിസ്ട്രേഷൻ കാലാവധി 2 വർഷമാണ്. താൽക്കാലിക രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങളും 2 വർഷത്തിനകം സ്ഥിരം രജിസ്ട്രേഷന് അപേക്ഷിക്കേണ്ടതാണ്. മിനിമം സ്റ്റാൻഡേർഡ്സ് കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള നിലവാരം പുലർത്തുന്ന ലാബുകൾക്കുമാത്രമേ അസ്സസർമാരുടെ പരിശോധനക്കുശേഷം സ്ഥിരം രജിസ്ട്രേഷൻ ലഭിക്കുകയുള്ളു. രജിസ്ട്രേഷൻ നൽകിയതിനുശേഷവും എന്തെങ്കിലും |

| | | | |
|---|---|---|---|
| | | | പിഴവുകൾ കണ്ടെത്തുകയാണെങ്കിൽ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ കേരളാ സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ് മെന്റിന് അധികാരമുണ്ട്. |
| (ബി) | സംസ്ഥാനത്ത് വിവിധ സ്വകാര്യ ഏജൻസികൾ നടത്തുന്ന പാരാമെഡിക്കൽ കോഴ്സുകളുടെ ആധികാരികതയും അവർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ സ്വീകാര്യതയും പരിശോധിക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണുള്ളതെന്ന് വിശദീകരിക്കുമോ; | (ബി) | സർക്കാർ / സർക്കാരിതര സ്ഥാപനങ്ങളിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്/ കേരള ആരോഗ്യ സർവ്വകലാശാല നടത്തുന്ന പാരാമെഡിക്കൽ കോഴ്സുകൾക്ക് ആധികാരികത വരുത്തുവാനും സ്വീകാര്യതക്കും വേണ്ടി കേരള പാരാമെഡിക്കൽ കൌൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകി വരുന്നുണ്ട്. ആയതുമായി ബന്ധപ്പെട്ട് ആധികാരികത ആവശ്യപ്പെടുന്ന മുറയ്ക്ക് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും മറുപടി നൽകി വരുന്നു. |
| (സി) | അംഗീകാരമില്ലാത്ത പാരാമെഡിക്കൽ കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും പാരാമെഡിക്കൽ സ്ഥാപനങ്ങൾ നടത്തുന്ന ടെസ്റ്റുകളുടെ നിരക്ക് സ്ഥാപനങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്ത് അംഗീകാരമില്ലാത്ത പാരാമെഡിക്കൽ കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും കോഴ്സുകളുടെയും നിലവാരം ഉറപ്പാക്കുന്നതിനും സ്റ്റാറ്റ്യൂട്ടറി പദവിയോടെ പാരാമെഡിക്കൽ കൗൺസിൽ സ്ഥാപിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.<br>ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2018 പ്രകാരം ലാബുകളുടെ രജിസ്ട്രേഷനുള്ള പ്രധാനപ്പെട്ട ഉപാധിയാണ് അതതു ക്ലിനിക്കൽ സ്ഥാപനങ്ങളിൽ നിന്ന് നൽകിവരുന്ന സേവനങ്ങൾക്ക് ഈടാക്കുന്ന ഫീസ് നിരക്ക് പ്രദർശിപ്പിക്കുക എന്നുള്ളത്. പ്രസ്തുത നിരക്ക് രോഗികളുടെയും ബന്ധുക്കളുടെയും അറിവിലേക്കായി ആ സ്ഥാപനത്തിലെ ശ്രദ്ധിക്കപ്പെടുന്ന സ്ഥലത്ത് |

| | | | |
|---|---|---|---|
| | | | ഇംഗ്ലീഷിലും മലയാളത്തിലും അച്ചടിച്ചോ, ഡിജിറ്റൽ ആയോ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്. ഔദ്യോഗിക വെബ് സൈറ്റ് ഉള്ള സ്ഥാപനങ്ങൾ നിരക്കുകൾ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതും പ്രസ്തുത വെബ് സൈറ്റ് സന്ദർശിക്കേണ്ട വിലാസവും വിധവും സാധാരണക്കാർക്ക് കൂടി മനസ്സിലാകത്തക്ക വിധത്തിൽ മലയാളത്തിലും ഇംഗ്ലീഷിലും പ്രദർശിപ്പിച്ചിരിക്കേണ്ടതുമാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഈ മാനദണ്ഡങ്ങൾക്കെതിരെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് അനുസരിച്ച് റദ്ദാക്കപ്പെടാവുന്നതാണ്. |

സെക്ഷൻ ഓഫീസർ